നമ്പർ 432/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ**

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹവികാരിമാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

നമ്മുടെ ഗുരുവും, പിതാവും, മുൻഗാമിയുമായ ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതിയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് തന്റെ അരുമനാഥന്റെ സന്നിധിയിലേക്ക് കടന്നുപോയിട്ട് 44 വർഷങ്ങൾ കഴിഞ്ഞിരിക്കുകയാണല്ലോ. ജീവിച്ചിരിക്കുമ്പോൾ തന്നെ പരിശുദ്ധൻ എന്ന പേരിന് സർവ്വഥാ യോഗ്യനായിരുന്ന ഈ പുണ്യപിതാവിന്റെ കബറിങ്കൽ മദ്ധ്യസ്ഥത യാചിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുന്നവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുവരുന്നു. പരിശുദ്ധ പിതാവിന്റെ നാൽപ്പത്തിയഞ്ചാം ഓർമ്മപ്പെരുന്നാൾ 2009 ജനുവരി 2, 3 (വെള്ളി, ശനി) തീയതികളിൽ ദേവലോകം അരമനയിൽ കൊണ്ടാടുകയാണ്. പരിശുദ്ധ പിതാവിന്റെ ഓർമ്മപ്പരുന്നാളിനോടൊപ്പം, ദേവലോകം അരമനചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമേനിയുടേയും, പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയുടെയും ഓർമ്മപ്പെരുന്നാളുകൾ കൂടി സംയുക്തമായി നടത്തുന്ന പതിവാണല്ലോ നമുക്കുള്ളത്. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദരമെത്രാപ്പോലീത്തന്മാരും നേതൃത്വം നൽകുന്നതാണ്.

2-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5.30 ന് തീർത്ഥാടകരുമൊന്നിച്ച് കോടിമതയിൽ നിന്നും ആരംഭിക്കുന്ന പ്രദക്ഷിണം അനുഗ്രഹപ്രദമാക്കിത്തീർക്കുന്നതിന് ആ പള്ളിയിൽ നിന്നും കഴിവതും ആളുകൾ വന്ന് സംബന്ധിക്കണം. കുറഞ്ഞത് ഒരു വാഹനത്തിലെങ്കിലും വിശ്വാസികൾ വന്ന് നിർബന്ധമായും പ്രദക്ഷിണത്തിൽ പങ്കെടുക്കണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ഓർമിപ്പിക്കുന്നു. 3-ാം തീയതി ശനിയാഴ്ച രാവിലെ നടത്തപ്പെടുന്ന വി. മൂന്നിന്മേൽ കുർബ്ബാനയിലും ധൂപപ്രാർത്ഥനയിലും നിങ്ങളേവരും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗൃഹീതരാകണമെന്ന് നാം താല്പര്യപ്പെടുന്നു. 2-ാം തീയതിയിലെ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം ജനുവരി 1-ാം തിയതിക്കു മുമ്പായി നമ്മുടെ അരമന മാനേജർ ഗീവർഗീസ് മാത്യു റമ്പാച്ചനെ അറിയിക്കേണ്ടതാണ്. വിശദ വിവരങ്ങൾ അടങ്ങിയ നോട്ടീസ് ഇതോടൊപ്പം അയയ്ക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.**

2008 ഡിസംബർ മാസം 11 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.